**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1558** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക വിളകളുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെല്ല്, പച്ചക്കറി, മറ്റ് കാർഷിക വിളകൾ എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) | **സംസ്ഥാനത്ത് നെല്ല്, പച്ചക്കറി, മറ്റ് കാർഷിക വിളകൾ എന്നിവയുടെ ഉല്പാദനത്തിനും, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്നു. വിള വിസ്തൃതി വർദ്ധനവും വികസനവും ലക്ഷ്യമിട്ട് 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ആകെ 252.12 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളിലൂടെ നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകി വരുന്നു. പ്രസ്തുത പദ്ധതികളും അവയുടെ നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.**<br><br>സംസ്ഥാനത്ത് കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി ഈ സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന പുതിയ പദ്ധതികളാണ് 'കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ.' കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിന് ഈ വർഷം തുടക്കമിടുന്നു. ഈ |

സമീപനത്തിൽ നടപ്പിലാക്കുന്ന മൂന്ന് പദ്ധതികൾ താഴെ പറയുന്നവയാണ്.

കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദനപരിപാടികൾ - ഉല്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ.

ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക സഹായത്തിനുമുള്ള പദ്ധതി.

കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ ശൃംഖല/ മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി.

ഓരോ കൃഷിഭവനുകീഴിലും 10 കൃഷിയിടങ്ങൾ വീതം തെരഞ്ഞെടുത്ത് ആവശ്യമനുസരിച്ച് സാങ്കേതിക-സേവന-ഉല്പാദനോപാധികൾ നൽകിക്കൊണ്ട് അവയുടെ സമഗ്ര കാർഷിക വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. അടുത്ത പടിയായി പദ്ധതിയിലെ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് കർഷക ഉല്പാദന സംഘങ്ങൾ രൂപീകരിക്കുന്നതിനും 'ഹബ് ആൻഡ് സ്പോക്ക്' മാതൃകയിൽ വിപണന ശൃംഖല വികസിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. കൃഷി വകുപ്പിനോടൊപ്പം കേരള കാർഷിക സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളും പദ്ധതിക്കുവേണ്ട സാങ്കേതിക പിന്തുണ നൽകുന്നു. പ്രസ്തുത പദ്ധതികൾക്കായി 29 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**കൂടാതെ ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കൃഷിയിലേക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ കേരളീയരിൽ മുഴുവൻ കാർഷിക സംസ്കാരം ഉണർത്തുക, ഓരോ കേരളീയ ഭവനത്തേയും വിഷരഹിത ഭക്ഷ്യ ഉല്പാദനത്തിൽ പങ്കാളിയാക്കുക, സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുക, സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തിക്കുക, കാർഷിക മേഖലയിലെ മൂല്യ വർദ്ധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, മണ്ണിനെ സമ്പുഷ്ടമാക്കുക, പ്രകൃതിയെ/ പരിസ്ഥിതിയെ സംരക്ഷിക്കുക, കാർഷിക മേഖലയെ ഇതര ഭക്ഷ്യമേഖലകളുമായി കോർത്തിണക്കുക, കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ**

| | | | |
|---|---|---|---|
| | | | **സൃഷ്ടിക്കുക, തനതായ കാർഷിക വിഭവങ്ങളെ സംരക്ഷിക്കുക എന്നിവയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും മറ്റ് കൃഷി അനുബന്ധ വകുപ്പുകളുമായും ഏകോപിപ്പിച്ചാണ് ഈ പരിപാടി നടപ്പിലാക്കുന്നത്.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ഘടകങ്ങൾ | തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | നെൽവികസനം | 7600 |
| 2 | പച്ചക്കറി വികസനം | 7720 |
| 3 | നാളികേര വികസനം | 7390 |
| 4 | സുഗന്ധവ്യഞ്ജന വികസനം | 360 |
| 5 | പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം | 1892 |
| 6 | സംയോജിത കൃഷി സമ്പ്രദായ സമീപനത്തിലൂടെ വിളകളുടെ വികസനം | 250 |
| **ആകെ** | | **25212** |